**അനുബന്ധം**

**നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ**

**വന്ന പിശക് തിരുത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച**

**പ്രസ്താവന**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.(*115) 01/07/2015

പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി

ഉത്തരത്തിൽ തിരുത്ത് വരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ്

ചോദ്യം

ശ്രീ. വി. ശശി
ശ്രീ. സി. ദിവാകരൻ
ശ്രീ. ജി. എസ്. ജയലാൽ

(എ) പുതിയ അദ്ധ്യയന വർഷത്തേക്കുള്ള പാഠ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ; സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്; ഇതിൽ ആദ്യഘട്ടത്തിൽ ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം എത്ര;

(സി) പാഠപുസ്തക അച്ചടിയിലെ പ്രതിസന്ധി പരിഹരിച്ച് പുസ്തകങ്ങൾ

യഥാസമയം വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വിശദമാക്കുമോ?

നൽകിയ ഉത്തരം

(എ) പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരികയാണ്. എല്ലാവർഷവും പാഠ പുസ്തക അച്ചടിയ്ക്കുള്ള പേപ്പർ സംഭരണം ജനുവരി മാസത്തിൽ പൂർത്തിയാകാറുണ്ട്. എന്നാൽ പേപ്പർ സംഭരണത്തിൽ ഈ വർഷം കാലതാമസം നേരിട്ടതാണ് അച്ചടി വൈകാൻ ഇടയായ സാഹചര്യം. ഈ വർഷം 2, 4, 6, 8 ക്ലാസ്സുകളിലെ പാഠ പുസ്തകങ്ങൾ മാറ്റമുള്ളതിനാൽ അച്ചടി നേരത്തേ തുടങ്ങാൻ കഴിഞ്ഞിരുന്നില്ല. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പാഠ പുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ട്.

(ബി) ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലായി 3,73,15,500 പുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്. ഇതിൽ ആദ്യഘട്ടത്തേയ്ക്കാവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം 2,33,26,800.

(സി) കെ.ബി.പി.എസ്. നിശ്ചിത സമയത്തിനുള്ളിൽ അച്ചടി പൂർത്തിയാക്കാൻ കഴിയില്ലായെന്ന് സർക്കാരിനെ അറിയിച്ചതിനെത്തുടർന്ന്

ആദ്യഘട്ടത്തേയ്ക്കാവശ്യമായ 60,38,200 പുസ്തകങ്ങളുടെ അച്ചടി സർക്കാർ അനുമതി നൽകുകയുണ്ടായി. ഇപ്രകാരം രണ്ടിടത്തും കൂടി ജൂലൈ 31 ന് മുമ്പ് അച്ചടി പൂർത്തിയാകുന്നതാണ്. പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് വഴിയാണ് പാഠ പുസ്തകങ്ങൾ വിതരണം നടത്തുന്നത്. 14 ജില്ലകളിലേയും പോസ്റ്റൽ ഹബ്ബുകളിൽ കെ.ബി.പി.എസ്. പാഠപുസ്തകങ്ങൾ അച്ചടിച്ച് തീരുന്ന മുറയ്ക്ക് വിതരണത്തിനായി ജൂലൈ മാസം തന്നെ വിതരണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പുതുക്കിയ മറുപടി**

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. പി.കെ.അബ്ദു റബ്ബ്):

(എ) പുതിയ അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരികയാണ്. എല്ലാ വർഷവും പാഠപുസ്തക അച്ചടിയ്ക്കുള്ള പേപ്പർ സംഭരണം ജനുവരി മാസത്തിൽ പൂർത്തിയാകാറുണ്ട്. എന്നാൽ പേപ്പർ സംഭരണത്തിൽ ഈ വർഷം കാലതാമസം നേരിട്ടതാണ് അച്ചടി വൈകാൻ ഇടയായ സാഹചര്യം. ഈ വർഷം 2, 4, 6, 8 ക്ലാസ്സുകളിലെ പാഠ പുസ്തകങ്ങൾ മാറ്റമുള്ളതിനാൽ അച്ചടി നേരത്തേ തുടങ്ങാൻ കഴിഞ്ഞിരുന്നില്ല. ഹയർ സെക്കന്ററി വിഭാഗത്തിൽ 11-ാം ക്ലാസ്സിലേയ്ക്ക് 59 ഇനവും 12-ാം ക്ലാസ്സിലേക്ക് 65 ഇനവും പാഠപുസ്കതങ്ങളാണ് ആകെ അച്ചടിക്കേണ്ടത്. ഇതിൽ 11-ാം

ക്ലാസ്സിലേക്കാവശ്യമായ സി.ഡികൾ എല്ലാം തന്നെ സി-ആപ്റ്റ് ന് നൽകിയിട്ടുണ്ട്. 12-ാം ക്ലാസ്സിലേക്കുള്ള 62 സി.ഡി.കൾ മാത്രമെ നൽകിയിട്ടുള്ളൂ. 11-ാം ക്ലാസ്സിലെ പുസ്തക അച്ചടി പൂർത്തിയായിട്ടുണ്ട്. 12- ാം ക്ലാസ്സിലേക്ക് നൽകിയ 62 സി.ഡി.കളിൽ രണ്ടാം ഭാഗം പുസ്തകങ്ങളായ ഫിസിക്സ് പാർട്ട്-2, മാത്സ് പാർട്ട് കമ്പ്യൂട്ടർ സയൻസ് പാർട്ട് - 2 എന്നീ പുസ്തകങ്ങൾ ഒഴികെ 59 പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ട്. 12-ാം ക്ലാസ്സുകളിലെ അക്കൗണ്ടൻസി പാർട്ട്-1, 2 & Themes in Kerala History പാഠപുസ്തകങ്ങളുടേയും അച്ചടി ഇനി പൂർത്തിയാകാനുണ്ട്.

(ബി) ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലായി 3,73,15,500 പുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്. ഇതിൽ ആദ്യഘട്ടത്തേയ്ക്കാവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം 2,33,26,800 ആണ്.

(സി) ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ജൂലൈ 20 നകം അച്ചടി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം കെ.ബി.പി.എസ്. ന് നൽകിയിട്ടുണ്ട്. ജൂലൈ 31 നകം ഈ പുസ്തകങ്ങളുടെ വിതരണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും

വിതരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.